# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാവശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.(പി.കെ.ഡി) പി.10/1362/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.(പി.കെ.ഡി) പി.10/1362/23 തീയ്യതി: 13/10/2023

## പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
ബീന.എം.വി- സീനിയർ ഗ്രേഡ് ഓഡിറ്റർ
മുഹമ്മദ് ഹിഷാം.എം - സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.രമേഷ് കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.പി.എൻ.തങ്കമണി | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ.ഹാരിസ്.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2022 | 19-10-2022 |
| ശ്രീമതി.പി.എൻ.തങ്കമണി | സെക്രട്ടറി | 20-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഹാരിസ്. എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയലക്ഷമി. ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി. നിമിഷമോൾ. വി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീമതി. മാനസ.എം.കെ | കൃഷി ഓഫീസർ | 01-04-2022 | 01-06-2022 |
| ശ്രീമതി. രശ്മി.എം.വി | കൃഷി ഓഫീസർ | 02-06-2022 | 05-08-2022 |
| ശ്രീ. വരുൺ.വി | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീമതി. സഹാറാഭാനു | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. അമർലിറ്റി ഐസക് | വെറ്ററിനറി സർജൻ | 01-04-2022 | 07-10-2022 |
| ഡോ. അശ്വതി. ജി | വെറ്ററിനറി സർജൻ | 08-10-2022 | 31-03-2023 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2022 | 21-06-2022 |
| ഡോ. മായാറോഷ്നി | മെഡിക്കൽ ഓഫീസർ, ആയുർവേദ | 22-06-2022 | 31-03-2023 |
| ശ്രീമതി. ഉമൈബ. എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 01-04-2022 | 26-08-2022 |
| ശ്രീമതി. റഹ്മത്ത്. ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 27-08-2022 | 31-03-2023 |
| ശ്രീമതി. ഗായത്രി. എം.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-08-2022 |
| ശ്രീ. ജൂണി ജെയിംസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. തമീസ് അഹമ്മദ്. വി.എ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ | 01-04-2022 | 20-05-2022 |
| ഡോ. വേണു.എസ്. വിജയൻ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ | 21-05-2022 | 02-08-2022 |
| ഡോ. തമീസ് അഹമ്മദ്. വി.എ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ | 03-08-2022 | 31-03-2023 |
| ശ്രീ. മനുചന്ദ്രൻ | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഇ പേയ്മെന്റ് തുകകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല | 1-1-4 |
| 6 | വാട്ടർ ചാർജ് – വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ബഡ്ജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | കാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | വസ്തുനികുതി - അവലോകനം | 1-11 |
| 19 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-12 |
| 20 | അനധികൃത കെട്ടിടത്തിന് സാധാരണ കെട്ടിടത്തിന് നൽകുന്ന രീതിയിൽ കെട്ടിട നമ്പർ നൽകി | 1-12-1 |
| 21 | സഞ്ചയ ഡാറ്റാബേസിൽ എം.എസ്.എം.ഇ കളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-12-2 |
| 22 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-13 |
| 23 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-13-1 |
| 24 | അധികം ലൈസൻസ് ഫീസ് ഈടാക്കി | 1-13-2 |
| 25 | തൊഴിൽ നികുതി - പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-14 |
| 26 | ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരുടെ | 1-14-1 |

| | | |
|---|---|---|
| | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | |
| 27 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14-2 |
| 28 | വാട്ടർ ചാർജ് - ഡിമാന്റ് കൃത്യമാക്കി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-15 |
| 29 | ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 30 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-17 |
| 31 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 32 | അംഗണവാടി പോഷകാഹാരം വാങ്ങലിന് നിയമാനുസൃത ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-19 |
| 33 | എസ്.എസ്.കെ യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-20 |
| 34 | ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം, ഗവൺമെന്റ് ഷെയർ എന്നിവ നൽകൽ - തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-21 |
| 35 | കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 36 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-23 |
| 37 | എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് പദ്ധതി - ലാപ്പ്ടോപ്പുകളുടെ വിതരണം പൂർത്തിയായിട്ടില്ല | 1-24 |
| 38 | ഹരിതകർമ്മസേനാ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 39 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ് | 1-26 |
| 40 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്. | 1-27 |
| 41 | ലാപ്പ്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല | 1-28 |
| 42 | പശു വളർത്തൽ -ചെലവ് രേഖകൾ പൂർണ്ണമായി ഓഡിറ്റിന് ഹാജരാക്കിയില്ല | 1-29 |
| 43 | പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-30 |
| 44 | കുടിവെള്ളപദ്ധതി - സമയബന്ധിതമായി പൂർത്തിയാക്കപ്പെടുന്നില്ല. | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023 ലെ 2(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :പാലക്കാട്

തീയതി: 13/10/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3082884.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3061414.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-4 ഇ പേയ്മെന്റ് തുകകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല

എസ്.ബി.ഐ ഇ പേയ്മെന്റ് അക്കൗണ്ടിന്റെ 31.3.23 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 12.4.22 മുതലുള്ള വരവുകൾ അക്കൗണ്ട് ചെയ്യപ്പെടാതെ അവശേഷിക്കുന്നുണ്ട്.

### 1-1-5 വാട്ടർ ചാർജ് – വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാട്ടർ ചാർജ് – വാർഷികകണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡിമാന്റ്, കുടിശ്ശിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

### 1-1-6 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

### 1-1-7 ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. ഉദാ. വസ്തുനികുതി, തൊഴിൽ നികുതി.

### 1-2 ബഡ്ജറ്റ്

25/03/2022 തീയതിയിലെ 1- നമ്പർ തീരുമാനപ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തേക്കുള്ള ബഡ്ജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 4/03/2023തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു

| | ബഡ്ജറ്റ് പ്രകാരമുള്ള തുകകൾ | പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള തുകകള് |
|---|---|---|
| മുന്നിരിപ്പ് | 1419800 | 15891165 |
| വരവ് | 469328000 | 319681400 |
| ആകെ | 470747800 | 335572565 |
| ചെലവ് | 468559000 | 323754400 |
| നീക്കിയിരിപ്പ് | 2188800 | 11818165 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15896847 |
| വരവ് | 43405178 |
| ആകെ | 59302025 |
| ചെലവ് | 40322294 |
| നീക്കിയിരിപ്പ് | 18979731 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 23673760 | 23673760 | 23673760 | 0 |
| വികസനഫണ്ട് - എസ്.സി.പി | 0 | 12958619 | 12958619 | 12958619 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12682000 | 12682000 | 12646912 | 35088 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6480000 | 6480000 | 5785853 | 694147 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 5032000 | 5397640 | 10429640 | 8600589 | 1829051 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 2225597 | 0 | 2225597 | 2198313 | 27284 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക് | 0 | 3717455 | 3717455 | 3710948 | 6507 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ട്രഷറി | 59700 | 0 | 59700 | 59700 | 0 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 567445 | 949450 | 1516895 | 210393 | 1306502 |
| സമ്പൂർണ്ണ ശുചിത്വം (+പലിശ) | 1654969 | 864042 | 2519011 | 816117 | 1702894 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് (വരവിൽ പലിശ ഉൾപ്പെടുന്നു) | 1604 | 1175406 | 1177010 | 1173502 | 3508 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം(ബാങ്ക് ചാർജ് 29 ഉൾപ്പെടെ) | 0 | 29880286 | 29880286 | 29880286 | 0 |
| | 1604 | 31055692 | 31057296 | 31053788 | 3508 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Health Grant(202) & Interest | 0 | 268507 | 268507 | 160355 | 108152 |
| Health Grant( 204)-& Interest | 0 | 137076 | 137076 | 134629 | 2447 |
| Life | 0 | 1320000 | 1320000 | 1320000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 117495757 | 177 | 78207276 | 0 | 27 | 87% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1604 | 1175406 | 1177010 | 1173502 | 3508 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 29880286 | 29880286 | 29880286 | |
| ആകെ | 1604 | 31055692 | 31057296 | 31053788 | 3508 |

വരവിൽ പലിശയിനത്തിലെ 1933 രൂപയും ചെലവിൽ ബാങ്ക് ചാർജ് 29 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുകയിൽ 1173473 രൂപ തിരികെ നൽകിയത് I-6 ലെ ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5094800 | 487 |
| 2 | വിധവാ പെൻഷൻ | 15468200 | 1438 |
| 3 | വാർദ്ധക്യകാല പെൻഷൻ | 25706600 | 2703 |
| 4 | വികലാംഗ പെൻഷൻ | 4615200 | 425 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 974400 | 90 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 13-07-2023 തീയതി ഉച്ചതിരിഞ്ഞ് 3.10 മണിക്ക് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 44927/- (നാല്പത്തിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തി ഏഴ് രൂപ) രൂപയുടെ വരവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന ന്യൂനതകൾകൂടി പരിഹരിക്കപ്പെടാനുണ്ട്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് വ്യക്തിഗത കണക്ഷൻ നൽകി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം സമയാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളും സർക്കാർ മാർഗ നിർദ്ദേശങ്ങളും പാലിക്കേണ്ടതും ആണ്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പലതിലും മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05മുതൽ 2008-09 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല. പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 20 പരാമർശങ്ങളാണ് തീർപ്പാക്കുവാൻ അവശേഷിക്കുന്നത്.

## 1-11 വസ്തുനികുതി - അവലോകനം

### അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് 5 വർഷത്തേക്ക് 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തിയാണ് നികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും സർക്കാർ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനും, 2023-24 മുതലുള്ള വസ്തു നികുതി നിർണ്ണയ നടപടികളും വസ്തു നികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണത്തിനും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തു നികുതിയിൽ നല്കാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

5/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/തസ്വഭവ എസ് ആർ നമ്പർ 479/2023 വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ അഞ്ചു വർഷ കാലയളവ് പൂർത്തിയാക്കുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് 18/05/2023 തീതിയിൽ എ4-777/2023 നമ്പർ ഉത്തരവ് പ്രകാരം അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതും കാണിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. (ഭരണസമിതി തീരുമാനം 5/5/2023 ലെ 7/1,7/2,7/3)

കരട് വിജ്ഞാപനത്തിനു ശേഷം ആക്ഷേപമില്ലെങ്കിൽ 30 ദിവസത്തിനു ശേഷം ഭരണസമിതിയുടെ അംഗീകരത്തിനു ശേഷം വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയിൽ മാറ്റം വരുത്താവുന്നതാണ്. അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും പ്രാബല്യത്തിലിരിക്കുന്ന കാലയളവും സൂചിപ്പിക്കുന്ന ഭരണസമിതി തീരുമാനപ്രകാരമുള്ള അന്തിമവിജ്ഞാപനം നിലവിൽ ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സഞ്ജയഡാറ്റാ ബേസ് പ്രകാരം ആകെ 11935 കെട്ടിടങ്ങളാണ് ഉള്ളത്. നിലവിലെ കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ചയയിൽ 5 % വർദ്ധനവ് വരുത്തിയിട്ടാണ് 2023-24 വർഷത്തെ ഈടാക്കി വരുന്നത്.കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ സംബന്ധിച്ച് കെട്ടിട ഉടമകൾ നല്കുന്ന അറിയിപ്പ് ( ഫോറം 9ബി) 19 എണ്ണം ഗ്രാമപഞ്ചായത്തിന് നിലവിൽ ലഭിച്ചിട്ടുള്ളത്.

### 1. വസ്തു നികുതി നിരക്കും, മേഖലകളും, റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ, വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ഇളവ് നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 20/19-07-2023 ന് മറുപടിയായി മേഖല, റോഡ് സംബന്ധിച്ച് വിവരങ്ങൾ സഞ്ചയയിൽ ലഭ്യമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകളെ തരംതിരിച്ച് തീരുമാനമെടുത്ത് അവ പ്രസിദ്ധികരിക്കേണ്ടതാണ്. തീരുമാനമെടുക്കുമ്പോൾ റോഡുകളുടെ പട്ടിക കൂടി തയ്യാറാക്കേണ്ടതാണ്. നിലവിൽ മേഖല പുതുക്കി നിശ്ചയിക്കലും വഴി സൗകര്യം തരംതിരിക്കലും നടപ്പാക്കിയിട്ടില്ല.

വിവരശേഖരണവും ഡാറ്റാ എൻട്രിയും

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഐ.ടി.ഐ/ ഐ.ടി.സി/സിവിൽ -ഡിപ്ലോമ/സിവിൽ സർവ്വെയർ എന്നീ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം ഒരു കെട്ടിട നമ്പരിന് 30/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ് എന്ന് സർക്കാർ നിർദേശമുണ്ട്.

കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഐ.ടി.ഐ/ഐ.ടി.സി/സിവിൽ-ഡിപ്ലോമ/സിവിൽ സർവ്വെയർ എന്നീ യോഗ്യത ഉള്ളവരുടെ ബയോഡാറ്റ ആവശ്യപ്പെട്ടു കൊണ്ട് 21/05/2023 ന് പത്രത്തിൽ അറിയിപ്പ് നല്കിയിട്ടുണ്ട്.

ആയതിന് 6 പേരുടെ ബയോഡാറ്റയാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്.

ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുക തുടങ്ങിയ നടപടികളൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല.

വസ്തുനികുതിയിന്മേലുള്ള സേവന ഉപനികുതി ചുമത്തൽ

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആയത് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം 20/19-07-23ന് “ഇല്ല” എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.
തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-12 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർക്കുന്നു

1-12-1 അനധികൃത കെട്ടിടത്തിന് സാധാരണ കെട്ടിടത്തിന് നൽകുന്ന രീതിയിൽ കെട്ടിട നമ്പർ നൽകി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ നിയമാനുസൃതമല്ലാത്ത നിർമ്മാണമെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത്രാജ് നിയമം 235 എഎ വകുപ്പ്

പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം നിലവിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട 8 കെട്ടിടങ്ങളാണ് ക്രമവൽകരിച്ചു നൽകാതെ അവശേഷിച്ചിട്ടുള്ളത്. പ്രസ്തുത പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് സാധാരണ കെട്ടിടങ്ങൾക്ക് നല്കുന്ന നമ്പരാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|
| 2/530 | പ്രഭാവതി , കരുണാലയം, എടത്തുംപടി, കാവശ്ശേരി |
| 4/588 | സതീഷ് & ലക്ഷമി, മാടമ്പിക്കാട്, കാവശ്ശേരി |
| 7/506 | നസീമ, മുത്തോട്, കാവശ്ശേരി |
| 9/491 | ഷെറീഫ്, കൊക്രാട് വീട്, വക്കീൽപടി, കാവശ്ശേരി |
| 10/607 | സൈനു, തളിക്കുളം ഹൌസ് |
| 10/622 | ജ്യോതി , പാതിരപറമ്പ്, ആനമാറി |
| 10/682 | ജയദേവൻ, നൊച്ചിപ്പറമ്പ്, ഇരട്ടകുളം |
| 17/617 | ചന്ദ്രൻ, കളപ്പാടം , തെക്കേകുളം, പാട്ടൂർ |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ ഡാറ്റബേസിൽ മേൽ അപാകത പരിഹരിച്ചു കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 23-19/07/2023 ന് സഞ്ചയ ഡാറ്റാ ബേസിലെ അപാകത പരിഹരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയതിൽ ഒരു കെട്ടിടത്തിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് കാലികമാക്കുന്നതാണ് എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ കാലികമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12-2 സഞ്ചയ ഡാറ്റാബേസിൽ എം.എസ്.എം.ഇ കളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല

സഞ്ചയ ഡാറ്റാബേസിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എം.എസ്.എം.ഇ എന്ന വിഭാഗത്തിൽ കെട്ടിടങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിലവിൽ താത്കാലികമായി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ (ഇന്റേൺ)- ഓഡിറ്റിന് നൽകിയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയ എം.എസ്.എം.ഇ കൾ നിലവിലുണ്ട്.

ഉദാഹരണം ചുവടെ ചേർക്കുന്നു

| പ്രൊജക്ടിന്റെ പേര് | യൂണിക്ക് ഐ.ഡി | ഉടമയുടെ പേര് | വിലാസം |
|---|---|---|---|
| എ.എസ്.എൻ സ്നാക്സ് | Udyam KL-10-0024890 | ഷാജഹാൻ | 7/605, കാടൻകോട്, കാവശ്ശേരി |
| അമേയ കൺസ്ട്രക്ഷൻസ് | Udyam KL-10-0009800 | സുമോദ് .ടി | 16/190 തെന്നിലാപുരം, കാവശ്ശേരി |

ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പാക്കി അർഹരായ വ്യവസായങ്ങളെ 2006 ലെ എം.എസ്.ഇ.ഇ ഡെവലപ്മെന്റ് ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഓഡിറ്റ് അന്വേഷണം 23-19/07/2023 നുള്ള മറുപടിയിൽ ആയത് പരിശോധിച്ച് സഞ്ചയ ഡാറ്റാ ബേസിൽ എം.എസ്.എം.ഇ കളുടെ വിവരം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓരോ വാർഡിലെയും എം.എസ്.എം.ഇ കളുടെ കണക്ക് ശേഖരിച്ച് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും വസ്തുനികുതി പുന:ക്രമീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ലൈസൻസ് പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

### 1-13-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

അഫ്സൽ അഹമ്മദ് S/o.എം.എ. ഷരീഫ്, ഹിൽ വ്യൂ, ചന്ദ്രനഗർ എന്നവർക്ക് Adblue Filling Station പ്രവർത്തിപ്പി ക്കുന്നതിന് Autogradge Adblue Filling Station എന്ന പേരിൽ 06/10/2022 ന് ലൈസൻസ് നമ്പർ 243/2022-2023/A3/A4-3213/22 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയിൽ മൂലധന നിക്ഷേപമായി കാണിച്ചിട്ടുള്ളത് 3 ലക്ഷം രൂപയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ Consent No. G21ERRCTO659707 പ്രകാരം മൂലധന നിക്ഷേപമായി കാണിച്ചിട്ടുള്ളത് 75 ലക്ഷം രൂപയാണ്. അനുമതി പത്രത്തിന്റെ കാലാവധി 30/09/2026 വരെയാണ്. (File No:PCB/DO1/EKM/ICO /G21ERRCTO659707/2021 Date Of Issue 23/10/2021). സ്മോൾ എന്റർപ്രൈസസ് വിഭാഗത്തിൽ സേവന മേഖലയിൽ 50 ലക്ഷം രൂപയിൽ കൂടിയതും എന്നാൽ 2കോടി രൂപയിൽ കവിയാത്തതുമായ മൂലധനനിക്ഷേപമുള്ള വ്യാപാരങ്ങൾക്ക് പരമാവധി 5000/- രൂപ ലൈസൻസ് ഫീസ് ചുമത്താവുന്നതാണെന്നിരിക്കെ 1000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.(ഓഡിറ്റ് അന്വേഷണം 4/13-07-23)

ലൈസൻസ് ഫീസിനത്തിലെ കുറവ് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-13-2 അധികം ലൈസൻസ് ഫീസ് ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടത്തിലെ പട്ടിക-II പ്രകാരം ഉത്പാദന മേഖലയിൽ 25

ലക്ഷം രൂപയിൽ കൂടുതലും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ള മിനി എന്റർപ്രൈസസ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് 1000 രൂപയാണ്. എന്നാൽ 1000 രൂപ അധികമായി ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ & തീയതി | ലൈസൻസ് നൽകിയ വ്യക്തിയുടെ പേര്/സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷയിൽ രേഖപ്പെടുത്തിയത് | ലൈസൻസ് നല്കിയത് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 79/2022-23 /A3/A4-1149/22 തീയതി 14/05/2022 | പോൾ ജോസഫ് | 50 ലക്ഷം | നെല്ല് ശേഖരിച്ച് പുഴുക്കി ഉണക്കി അരിയാക്കി വില്പന നടത്തുന്നത് | 2000 |

ലൈസൻസ് ഫീസിനത്തിൽ അധികം തുക ഈടാക്കിയതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം 4/13-07-23 ന് ആയത് പരിശോധിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്.

ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-2 പ്രകാരമുള്ള ലൈസൻസ് ഫീസ് ചുമത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-14-1 ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ്, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചുണ്ടക്കാട്, പാട്ടൂർ, എരട്ടകുളം ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 2/12-07-2023)

ചുണ്ടക്കാട്, പാട്ടൂർ, എരട്ടകുളം ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-14-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-2023 ലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | സിംഫണി ഫ്യൂവൽസ്, എരട്ടക്കുളം | 1 &2 |

| | | |
|---|---|---|
| 2 | സത്യം ഫ്യൂവൽസ്, കാവശ്ശേരി | 2 |

ഓഡിറ്റ് അന്വേഷണം 2/12-07-2023-ന് മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-15 വാട്ടർ ചാർജ് - ഡിമാന്റ് കൃത്യമാക്കി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

1566 ഗാർഹിക കണക്ഷനും 16 ഗാർഹികേതര കുടിവെള്ള കണക്ഷനുകളുമാണ് 2022-23 വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ഉള്ളത്. അവ ഏതെല്ലാം കുടിവെള്ള പദ്ധതിൽ ഉള്ള കണക്ഷനുകളാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1. വാർഷിക കണക്കിലും വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിലും നീക്കിയിരിപ്പിലും വ്യത്യാസം

| | വാർഷിക ധനകാര്യപത്രിക പ്രകാരം | വാട്ടർ ചാർജ് രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം |
|---|---|---|
| കുടിശ്ശിക ഡിമാന്റ് | കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (2021-22 ലെ B15 പ്രകാരം 3154718) | 3154718 |
| തൻവർഷ ഡിമാന്റ് | 800000 | 1202880 |
| കളക്ഷൻ കുടിശ്ശിക | 216670 | 216670 |
| തൻവർഷ കളക്ഷൻ | 338140 | 338140 |
| പിരിച്ചെടുക്കാനുള്ള ആകെ തുക | 3399838 | 3500788 |

ഡിമാന്റും പിരിച്ചെടുക്കാനുള്ള ബാക്കി തുകയും രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുപ്രകാരവും വ്യത്യാസമുണ്ട്. (ഓഡിറ്റ് അന്വേഷണം 16-19/07/23 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

കൃത്യമായ ഡിമാന്റ് കണക്കാക്കാത്തത് പഞ്ചായത്തിന് റവന്യൂ നഷ്ടം ഉണ്ടാക്കുന്നുണ്ട്. വാട്ടർ ചാർജ് കുടിശ്ശികയുടെ കണക്ക് കൃത്യമാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല

ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കൃത്യമായി ഈടാക്കുവാനും കുടിശ്ശിക കണക്കാക്കി ആയത് പിരിച്ചെടുക്കുവാനുമുള്ള നടപടി സ്വീകരിച്ച് കാണുന്നില്ല.(ഓഡിറ്റ് അന്വേഷണം 16-19/07/23)

വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടി അടിയന്തിരമായി ഉണ്ടാകേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രോജക്ട് -27/22-23 -ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ചെലവ്-200000 രൂപ

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം 200000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഹോമിയോ മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.1/22-23, തി.19.10.2022, പ്രോഫോർമ ഇൻവോയിസ് നം.361/16.9.2022). എന്നാൽ നാളിത് വരെ 105719 രൂപയുടെ മരുന്നുകൾ മാത്രമേ (ഇൻവോയിസ് LF 209/8.6.2023) ലഭ്യമായിട്ടുള്ളൂ . ലഭ്യമാകാൻ അവശേഷിക്കുന്ന 94281 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/15.7.23) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിച്ച് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് -76/22-23കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് NCD മരുന്നവാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി

അടങ്കൽ, ചെലവ് – 400000 രൂപ

ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

പ്രോജക്ടിന്റെ ഭാഗമായി 217122 രൂപയുടെ മരുന്നുകൾ ജൻഔഷധി കേന്ദ്രത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരം-ത്തിന് 182878/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് മുൻകൂറായി നൽകിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം. | തുക | പ്രൊഫോർമ ഇൻവോയിസ് ,തിയതി |
|---|---|---|
| 7/6.9.2022 | 33869 | PRF 1141 ,27.8.2022 |
| 14/15.10.2022 | 25402 | PRF 1048 ,20.8.2022 |
| 26//24.12.2022 | 123607 | PRF 2922 12.12.2022 |
| ആകെ | 182878 | |

എന്നാൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് നാളിത് വരെ ലഭ്യമായിട്ടുള്ളത്.

| ഇൻവോയിസ് നം. ,തിയതി | തുക | ലഭ്യമാകാൻ അവശേഷിക്കുന്നത് |
|---|---|---|

| | | |
|---|---|---|
| 19271, 1.12.22 | 30106 | 3763 |
| 18307 , 23.11.22 | 25289 | 113 |
| 27177 , 20.3.23<br>947, 18.4.23<br>6217, 26.5.23<br>24116 , 11088 | 71627 | 51980 |
| ആകെ | 127022 | 55856 |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.7.23) അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് 14.6.2023 ന് കത്ത് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റിൽ ഏർപ്പെട്ട് ഭവന നിർമ്മാണത്തിനുള്ള വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | എഗ്രിമെന്റ് തീയതി | ധനസഹായം നൽകിയത് |
|---|---|---|---|
| 1 | രഞ്ജു W/o. സുധീഷ് കുമാർ<br>കുന്നിൻപുറം, വാർഡ് 15 | 13.7.21 | 13.7.21 – 40000<br>22.10.22 – 160000<br>21.3.23 – 100000<br>Total-300000 |
| 2 | വേഷു W/o.വേലായുധൻ<br>തെക്കേ കളം, വാർഡ് 14 | 16.7.21 | 16.7.21-40000<br>7.12.22-160000<br>8.2.23-100000<br>13.3.23-4400<br>17.3.23-55600<br>Total-360000 |
| 3 | ബീന W/o.ശശി വടക്കഞ്ചേരി | 20.2.21 | 20.2.21-40000 |
| 4 | ഗീത W/o.നാരായണൻ<br>ചമ്പനേഴ് ,കാവശ്ശേരി | 18.1.21 | 18.1.21 – 40000<br>25.9.21 – 160000<br>Total - 200000 |

എഗ്രിമെന്റിൽ ഏർപ്പെട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/19.7.23) നിർവഹണ

ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ധനസഹായം കൈപ്പറ്റിയ മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം തുക തിരികെ അടവാക്കുന്നതിനോ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-19 അംഗണവാടി പോഷകാഹാരം വാങ്ങലിന് നിയമാനുസൃത ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് 30/2022-23 -അംഗണവാടി പോഷകാഹാരം -ജനറൽ

75/ 2022-23-അംഗണവാടി പോഷകാഹാരം -SCP

സാമ്പത്തിക വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ ചേർത്ത പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കാതെയാണ് ഉദയനന്ദനം ഫുഡ്സ്,കണ്ണാടി എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയിസ് നം. | തുക | പ്രോജക്ട് |
|---|---|---|---|
| ഉദയനന്ദനം ഫുഡ്സ്, കണ്ണാടി | 1063/30.7.22 | 89302 | അംഗണവാടി പോഷകാഹാരം ജനറൽ |
| | 1075/30.8.22 | 85334 | അംഗണവാടി പോഷകാഹാരം ജനറൽ |
| | 1109/4.1.222 | 95036 | അംഗണവാടി പോഷകാഹാരം ജനറൽ |
| | 1124/3.2.23 | 110361 | അംഗണവാടി പോഷകാഹാരം ജനറൽ |
| | 1064/31.8.22 | 23152 | അംഗണവാടി പോഷകാഹാരം എസ്.സി |
| | 1076/30.8.22 | 22712 | അംഗണവാടി പോഷകാഹാരം എസ്.സി |
| | 1110/4.1.23 | 20286 | അംഗണവാടി പോഷകാഹാരം എസ്.സി |
| | 1125/3.2.23 | 22638 | അംഗണവാടി പോഷകാഹാരം എസ്.സി |
| | 1137/13.3.23 | 20506 | അംഗണവാടി പോഷകാഹാരം എസ്.സി |
| ആകെ | | 489327 | |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് 18.8.21ന് അയച്ച ഐസിഡിഎസ് ബി3/ 13220/21 നമ്പർ കത്തിൽ അമൃതം ന്യൂട്രി മിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് 73.5 രൂപ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാതെ വാങ്ങൽ നടത്തിയ സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/15.7.23) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ നിയമപ്രകാരമുള്ള ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കി മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 എസ്.എസ്.കെ യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി എൽ പി എസ് കാവശ്ശേരി

പ്രോജക്ട്-1.എസ്.എസ്.കെ വിഹിതം നൽകൽ ജനറൽ

ചെലവ്-700000 രൂപ

ട്രഷറി ബിൽ നം.4/30.9.22

പ്രോജക്ട്-2.എസ്.എസ്.കെ വിഹിതം നൽകൽ -എസ്.സി.പി

ചെലവ്-300000 രൂപ

ട്രഷറി ബിൽ നം.5/30.9.22

ഹെഡ് മാസ്റ്റർ, ജി എൽപിഎസ് കാവശ്ശേരി നിർവഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം കാവശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള വിദ്യാലയങ്ങളുടേയും വിദ്യാർത്ഥികളുടേയും ഉന്നമനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നതിനായി 10 ലക്ഷം രൂപ എസ്.എ.സ്. കെ യുടെ അക്കൗണ്ടിലേക്ക് (ബ്ലോക്ക് പ്രോജക്ട് ഓർഡിനേറ്റർ, ബി.ആർ.സി ആലത്തൂർ) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം എസ്.എ.സ്.കെ.യിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/15.7.23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ്.എ.സ്.കെ.ക്ക് കത്ത് നൽകിയിട്ടുണ്ട് ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. വിഭാവനം ചെയ്ത രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എസ്. എസ്.കെ യിൽ നിന്നും എത്രയും വേഗത്തിൽ ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്.

## 1-21 ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം, ഗവൺമെന്റ് ഷെയർ എന്നിവ നൽകൽ - തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 19, ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം (സ്പിൽ ഓവർ) |
| അടങ്കൽ | 585481 ( തനതു ഫണ്ട്) |
| ചെലവ് | 135000 |
| വൗച്ചർ നമ്പർ/ തീയതി | 22200425/30.09.22 - 135000 |

ജലനിധി സുസ്ഥിരപദ്ധതിയിൽ ഉൾപ്പെട്ട പാട്ടൂർ നേത്യാം പറമ്പ് കുടിവെള്ള പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം 135000 രൂപ മേൽ സൂചിപ്പിച്ച വൗച്ചർ നമ്പർ പ്രകാരം ഗ്രാമ പഞ്ചായത്ത് ലെവൽ അക്കൗണ്ട് കമ്മറ്റി (GPLAC)യുടെ അക്കൗണ്ടിലേക്ക് (നം- 429200100097224) നല്കിയിട്ടുണ്ട്.
കൂടാതെ തനതുഫണ്ടിൽ നിന്നും പാട്ടൂർ നേത്യാം പറമ്പ് കുടിവെള്ള പദ്ധതിയുടെ ഗവൺമെന്റ് ഷെയർ 375000 രൂപ വൗച്ചർ നമ്പർ 22200184/ 15.06.22 പ്രകാരവും ജലനിധി സുസ്ഥിരപദ്ധതിയിൽ ഉൾപ്പെട്ട കല്ലംപറമ്പ് കുടിവെള്ള പദ്ധതിയുടെ ഗവൺമെന്റ് ഷെയർ 300000 രൂപ വൗച്ചർ നമ്പർ 22200410/ 13.09.22 പ്രകാരവും GPLAC അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്

തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 6/14.07.23) മറുപടി ലഭ്യമായിട്ടില്ല. തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-22 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം

ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബിയിലേക്ക് തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | ബിൽ / വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 4, ഇലക്ട്രിക് ലൈൻ സ്ട്രീറ്റ്മെയിൻ നീട്ടലും പോസ്റ്റ് ഷിഫ്റ്റിങ്ങും | XVFC/2022-23 /P/26/ 07.11.22<br>XVFC/2022-23 /P/38/ 16.02.23<br>XVFC/2022-23 /P/61/ 17.03.23 | 164255 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>56513 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>2364032 (ധനകാര്യ കമ്മീഷൻ അവാർഡ്) | KSEB – ഇലക്ട്രിക്കൽ സെക്ഷൻ, പാട്ടൂർ |
| 2 | 18, കുമ്പാരത്തറ കുടിവെള്ള പദ്ധതിക്ക് ഇലക്ട്രിക് കണക്ഷൻ ത്രീ ഫേസ് ആക്കൽ | XVFC/2022-23/P/24 /05.11.22 | 68896 (ധനകാര്യ കമ്മീഷൻ അവാർഡ്) | KSEB – ഇലക്ട്രിക്കൽ സെക്ഷൻ, പാട്ടൂർ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-7/15.07.23) മറുപടി ലഭ്യമായിട്ടില്ല. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-23 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 181, എ.ബി.സി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 200000- വികസനഫണ്ട് -ജനറൽ |
| ചെലവ് | 200000 |

എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതം 200000 രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം -799011400002200) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (ബിൽ നം.34/31.12.22

=2,00,000). തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (8/15.07.23) മറുപടി ലഭ്യമായിട്ടില്ല . പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-24 എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് പദ്ധതി - ലാപ്പ്ടോപ്പുകളുടെ വിതരണം പൂർത്തിയായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 182, എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
| അടങ്കൽ | 1320000 (വികസനഫണ്ട്- ജനറൽ -38651 + എസ്സ്.സി.പി - 1281349) |
| ചെലവ് | 1295960 (വികസനഫണ്ട്- ജനറൽ - 24518 + എസ്സ്.സി.പി - 1271442) |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 34/31.03.23 – 301522<br>35/31.03.23 – 9907<br>36/31.03.23 – 14611<br>37/31.03.23 - 969920 |

ഗ്രാമപഞ്ചായത്തിലെ എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിക്ക് മേൽസൂചിപ്പിച്ച പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1). ലാപ്പ് ടോപ്പ് വിതരണം പൂർത്തീകരിച്ചിട്ടില്ല

GeM Portal മുഖേനയാണ് ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. മേൽ പരാമർശിച്ച ബിൽ നമ്പർ പ്രകാരമുള്ള തുക Eswary Enterprices എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം-92202006162 9487) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 005/24.03.23 പ്രകാരം 40 ലാപ്പ്ടോപ്പുകൾ ലഭ്യമായിട്ടുണ്ട്. വിതരണരജിസ്റ്റർ പരിശോധിച്ചതിൽ 30 വിദ്യാർത്ഥികൾ മാത്രമാണ് ലാപ്പ്ടോപ്പ് കൈപ്പറ്റിയിട്ടുള്ളത് എന്ന കണ്ടെത്തി. 10 ലാപ്പോടോപ്പുകൾ വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 22/19.07.23) മാർച്ച് 2022 വർഷത്തിൽ കോഴ്സ് പൂർത്തീകരിച്ച 10 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട് എന്നും ആയത് കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുമതിക്കായി അയച്ച് ഉത്തരവ് ലഭിക്കുന്ന മുറക്ക് ഈ വിദ്യാർത്ഥികൾക്കു തന്നെ അനുവദിക്കുകയോ അല്ലാത്ത പക്ഷം അർഹരായ മറ്റു വിദ്യാർത്ഥികൾക്ക് അനുവദിക്കുകയോ ചെയ്യുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2) അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 115/2022/LSGD, 28.05.2022 ഖണ്ഡിക 7.2.7 അനുസരിച്ച് ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ലാപ്പ് ടോപ്പ് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്ന നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾ ടി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1). കിരൺ .കെ, വടക്കേത്തറ, കാവശ്ശേരി

2). നന്ദന.വി, നെല്ലിയാംകുന്നം, ഇടത്തിൽകോളനി, ഇരട്ടക്കുളം

3). ചേതസ്സ്.കെ.എസ്, ആനമാറി, ഇരട്ടക്കുളം

4). സുഭിജ, കോതകുളം, ചുണ്ടക്കാട്, കാവശ്ശേരി

5). അഭിജിത്ത്, വാടകച്ചിറ, ചുണ്ടക്കാട്, കാവശ്ശേരി

6). ബിബിൻ, മൂത്താനോട്, കാവശ്ശേരി

7). ശ്രുനിഷ, മൂത്താനോട്, കാവശ്ശേരി

8). ദീപ്തി. ആർ, മൂത്താനോട്, കാവശ്ശേരി

9). ശില്പ.കെ മൂത്താനോട്, കാവശ്ശേരി

10). അനുശ്രീ. എം, മൂത്താനോട്, കാവശ്ശേരി

11). ശ്രീവിദ്യ, കല്ലാട്ടുപറമ്പ്, ആനമാറി, ഇരട്ടക്കുളം

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചില്ലെന്ന സാക്ഷ്യപത്രം അനുവദിക്കുന്നതിന് ബ്ളോക്ക് പട്ടികജാതി വികസന ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധരേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതും പദ്ധതി പൂർത്തീകരിച്ചതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 ഹരിതകർമ്മസേനാ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

ഹരിതകർമ്മസേനാ പ്രവർത്തനത്തിനും യൂസർഫീക്ക് ആനുപാതികമായി വേതനം നൽകുന്നതിനും എം.സി.എഫിൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും പുനചംക്രമണയോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ കയ്യൊഴിയുന്നതിനും പൊതു ഇടങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനും മറ്റും ആവശ്യമായ തുക ചെലവഴിക്കുന്നതിനായി ഓഡിറ്റ് വർഷത്തിൽ ക്ളീൻ കാവശ്ശേരി ഗ്രീൻ കാവശ്ശേരി എന്ന പേരിൽ ഒരു സ്പിൽ ഓവർ പദ്ധതിയുൾപ്പെടെ 2 പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. എം.സിഎഫ് ലേക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനായും പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കായി തൻവർഷം തനതു ഫണ്ടിൽ നിന്നും 88041 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചത് 2019 ഒക്ടോബർ മാസത്തിലാണ്. വീടുകളിൽ നിന്നും 50 രൂപയും മറ്റു സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാണ് യൂസർഫീ ഇനത്തിൽ ഈടാക്കുന്നത് .ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം എ.സി.എഫിൽ ശേഖരിക്കുന്നുണ്ട് . നിലവിൽ എം.സി.എഫ് താല്ക്കാലിക ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. തൻ വർഷം പുതിയ എ.സി.എഫ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 14 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നിലവിലെ എം.സി.എഫ് കെട്ടിടത്തിൽ ബെയ് ലിങ്ങ് മെഷിനും ഷ്രെഡ്ഡിങ്ങ് യൂണിറ്റും ഇല്ല. ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട് . പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനായി കനറ ബാങ്ക്, ആലത്തൂർ ബ്രാഞ്ചിൽ ( അക്കൗണ്ട് നമ്പർ - 0739101045621 ) തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ 01.06.2023 ന് 216793 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാലിന്യസംസ്കരണത്തിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2. എം.സി.എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ അടക്കമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, *Burnig Hours* എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഭൂരിഭാഗം തെരുവ് വിളക്കുകൾക്കും മീററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെ.എസ്.ഇ.ബി | കൺസ്യൂമർ നം. |
|---|---|

| | |
|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ | |
| ഇലക്ട്രിക്കൽ സെക്ഷൻ, ആലത്തൂർ) | 1165095016811 |

ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ബാക്കിയുള്ള തെരുവ് വിളക്കുകൾക്കു കൂടി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (18/19.07.2023) ക്ക് മറുപടി ലഭ്യമായിട്ടില്ല.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ബാക്കിയുള്ള തെരുവ് വിളക്കുകൾക്കു കൂടി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആകെ 8 കുടിവെള്ള പദ്ധതികളാണ് നിലവിലുള്ളത് . ഇവ നേരിട്ടു നടത്തുന്ന കുടിവെള്ള പദ്ധതികളാണ്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി |
|---|---|
| 1 | കൃഷിഭവൻ കോമ്പൗണ്ട് DWS ( CONSUMER N0 - 1165072015365) |
| 2 | പത്തനാപുരം DWS ( CONSUMER N0 - 1165079018869) |
| 3 | വലിയപറമ്പ് DWS ( CONSUMER N0 - 1165075010256) |
| 4 | പഞ്ചായത്ത് ഓഫീസ് DWS ( CONSUMER N0 - 1165077020975) |
| 5 | വലിയപറമ്പ് DWS ( CONSUMER N0 - 1165079007549) |
| 6 | നൊച്ചിപറമ്പ് - ആനമാറി DWS ( CONSUMER N0 - 1165076025272) |
| 7 | കൊങ്ങാലക്കോട് DWS ( CONSUMER N0 - 1165077023087) |
| 8 | പള്ളം DWS ( CONSUMER N0 - 1165071024121) |

കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം, എന്നിവക്കായി തൻവർഷം താഴെ പറയുന്ന പ്രകാരം തുക തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വൈദ്യുതി ചാർജ്ജ് | 1828890 |
| പമ്പ് ഓപ്പറേറ്ററുടെ വെതനം | 602250 |

വെള്ളക്കരം ഇനത്തിലുള്ള തൻ വർഷ വരവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| കുടിശ്ശിക കളക്ഷൻ | 216670 |
| തൻവർഷ കളക്ഷൻ | 338140 |

വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂൾ പ്രകാരം 31.03.2023 വരെ 3399838/- രൂപ ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

വെള്ളക്കരം ഇനത്തിലുള്ള വരവിനെ അധികരിച്ച് പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, എന്നീ ഇനങ്ങളിൽ അധിക ചെലവുള്ളതിനാൽ ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കൃത്യമായി ഈടാക്കേണ്ടതും കുടിശ്ശിക കണക്കാക്കി ആയത് പിരിച്ചെടുക്കേണ്ടതുമാണ് . സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 3/12.07.23) മറുപടി ലഭ്യമാക്കിയില്ല.

അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-28 ലാപ്പ്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നം/ പേര് | 85/23, പഞ്ചായത്താഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 456409 (വികസനഫണ്ട് - ജനറൽ ) |
| ചെലവ് | 435578 |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 16/28.09.22 – 219816<br>17/ 28.09.22 -22476<br>31/ 16.12.22 – 70080<br>45/ 20.03.23- 48276<br>54/ 29.03.23- 70080<br>55/ 29.03.23- 4850 |

ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ആവിഷ്കരിച്ച മേൽ സൂചിപ്പിച്ച പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഡെസ്ക് ടോപ്പ്, ലാപ്പ്ടോപ്പ്, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം - 799011400003959) 430728 രൂപയും Zebster Monitor വാങ്ങുന്നതിനായി Real Technology എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 4850 രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. IT മിഷന് മുൻകൂറായി നൽകിയ തുകയിൽ ഉൾപ്പെട്ട (ബിൽ നമ്പർ -54/29.03.23) 2 പ്രിന്ററുകൾ, ബിൽ നമ്പർ - 45/20.03.23 പ്രകാരമുള്ള ഒരു ലാപ്പ്ടോപ്പ് എന്നിവ ലഭ്യമായിട്ടില്ല ഇവ

ലഭ്യമാക്കുന്നതിനും പദ്ധതി പൂർത്തീകരണത്തിനുമായി സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5/14.07.23) മറുപടി ലഭ്യമായിട്ടില്ല. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-29 പശു വളർത്തൽ -ചെലവ് രേഖകൾ പൂർണ്ണമായി ഓഡിറ്റിന് ഹാജരാക്കിയില്ല

പ്രോജക്ട് -189/22-23 പശു വളർത്തൽ ജനറൽ

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

അടങ്കൽ-22,20 000 രൂപ (വി.ഫണ്ട്-11,10,000,ഗു.വിഹിതം- 11,10,000)

ചെലവ്- 19,50,000 ( വി.ഫണ്ട്-8,40,000,ഗു.വിഹിതം- 11,10,000)

വെറ്റിനറി സർജൻ നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 37 ഗുണഭോക്താക്കൾക്ക് പശു വിതരണം നടത്തിയ പ്രോജക്ടിന്റെ ആകെ ചെലവ് (2022-23 വർഷത്തിൽ) 19,50,000 രൂപയാണ്.സുലേഖ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ആകെ 11,10,000 ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച 11,10,000 രൂപയിലെ 7,80,000 രൂപയുടെ വെബ് സാംഖ്യ വഴി ജനറേറ്റ് ചെയ്ത ബില്ലുകൾ,മറ്റ് ചെലവ് രേഖകൾ മാത്രമേ ഓഡിറ്റിന് സമർപ്പിച്ച ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ.

സമർപ്പിച്ച ബില്ലുകൾ/ചെക്ക് നം.

1.8.3.23 ലെ ഗുണഭോക്തൃ വിഹിതം ചെലവ്-120000

2.ചെക്ക് നം.JN1502530/24.2.23-6,90,000 (പ്രോജക്ട് നം.160/23 ലെ 30000 രൂപ ഉൾപ്പെടെ)].

നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 3,30,000 രൂപ ചെലവഴിച്ചതിന്റെ ബില്ലുകൾ, മറ്റ് ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 3,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് -160/22-23പശു വിതരണം-എസ്.സി വനിത

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

അടങ്കൽ-18,00,000 രൂപ (വി.ഫണ്ട്-13,50,000,ഗു.വിഹിതം- 4,50,000)

ചെലവ് - 16,80,000 രൂപ (വി.ഫണ്ട്-12,60,000,ഗു.വിഹിതം- 4,20,000)

വെറ്റിനറി സർജൻ നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 28 ഗുണഭോക്താക്കൾക്ക് പശു വിതരണം നടത്തിയ പ്രോജക്ടിന്റെ ആകെ ചെലവ് (2022-23) 16,80,000 രൂപയാണ്. ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ആകെ ചെലവഴിച്ച 4,20,000 രൂപയിലെ 3,00,000 രൂപയുടെ വെബ് സാംഖ്യ വഴി ജനറേറ്റ് ചെയ്ത ബില്ലുകൾ മാത്രമേ ഓഡിറ്റിന് സമർപ്പിച്ച ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ.

സമർപ്പിച്ച സാംഖ്യ ബിൽ സാംക്ഷൻ ഓർഡർ/ചെക്ക് നം.

1.ചെക്ക് നം.JN1502530/24.2.23- 30000

(പ്രോജക്ട് നം.189/22-23 ലെ 660000 രൂപ ഉൾപ്പെടെ)

2.സാംഖ്യ ബിൽ സാംക്ഷൻ ഓർഡർ 362/15.3.2022 – 180000

3.സാംഖ്യ ബിൽ സാംക്ഷൻ ഓർഡർ 405/20.3.2022 – 90000

നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 4,20,000 രൂപയിലെ 1,20,000 രൂപ ചെലവഴിച്ചതിന്റെ ബില്ലുകൾ, മറ്റ് ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/20.7.2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 1,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം

ഓഡിറ്റ് വർഷം 34594013 രൂപ അടങ്കലുള്ള 97 പൊതുമരാമത്ത് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 80 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. ആകെ 24762447 രൂപയാണ് – 71% – ചെലവഴിക്കാൻ കഴിഞ്ഞത്.

2022-23 വർഷം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ചെയ്ത 38 പ്രവൃത്തികൾ റോഡ് റിസ്റ്ററേഷൻ പ്രവൃത്തികളാണ്. ഇതിനായി 11594508 രൂപ മെയിന്റനൻസ് ഗ്രാന്റിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് ചെലവിന്റെ 92% പ്രസ്തുത പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്. ജലജീവൻ മിഷൻ പ്രവർത്തികൾക്കായി KWA റോഡ് പൊളിച്ച് പൈപ്പ് ലൈന് സ്ഥാപിച്ചുവെങ്കിലും പ്രസ്തുത റോഡ് പൂർവസ്ഥിതിയിലാക്കിയിട്ടില്ല എന്നതിനാലാണ് റോഡ് പുനരുദ്ധാരണം നടത്തിയത് എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

റോഡിൽ KWA പൈപ്പ് ലൈനിനായി കുഴിച്ച Trenchകൾ നികത്തി റോഡ് പൂർവസ്ഥിതിയിലാക്കേണ്ടത് KWA യുടെ ചുമതലയാണ്. KWA പഞ്ചായത്തിൽ റിസ്റ്ററേഷൻ ചാർജ് ഒടുക്കിയതായും കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് 17/19.7.23 ന് മറുപടിയായി KWA ജലജീവൻ മിഷന് വേണ്ടി തയ്യാറാക്കിയ DPR ൽ Pwd റോഡുകൾ റിസ്റ്റോർ ചെയ്യുമെന്നും പഞ്ചായത്ത് റോഡുകളിൽ കോൺക്രീറ്റ് റോഡുകൾ മാത്രം പൂർവ്വസ്ഥിതിയിലാക്കി നൽകും എന്നും അതിനാലാണ് ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് പ്രവൃത്തികൾ നടത്തേണ്ടി വന്നത് എന്നുമാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ റോഡുകളിൽ പൈപ്പ് ലൈനിനായി ജല അതോറിറ്റി ട്രഞ്ച് കുഴിക്കുമ്പോൾ റോഡ് പൂർവ്വസ്ഥിതിയിലാക്കി എന്ന് ഉറപ്പ് വരുത്തുകയോ നിയമാനുസൃതം റോഡ് റിസ്റ്ററേഷൻ ചാർജ് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് സംരക്ഷണ പദ്ധതികൾ രൂപീകരിക്കുന്നത്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

1-31 കുടിവെള്ളപദ്ധതി - സമയബന്ധിതമായി പൂർത്തിയാക്കപ്പെടുന്നില്ല.

പ്രൊജക്ട്- വേപ്പിലശ്ശേരി കുടിവെള്ളപദ്ധതി (45/23)-

നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 450000. (CFC)

ചെലവ് - 130800

വൗച്ചർ നം - 22/13.3.23

കരാറുകാരൻ - ശ്രീ.ഹക്കീം.വി

കുടിവെള്ളപദ്ധതിക്കായി 31.1.22 നാണ് കരാർ വച്ചത് . 7 മാസമാണ് കരാർ കാലാവധി. 18.2.22 ന് ഭൂജലവകുപ്പ് സൈറ്റ് പെഗ്മാർക്ക് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിച്ചില്ല. 28.12.22 ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും കൃഷിയുടെ വിളവെടുപ്പ് കഴിയാത്തതിനാൽ വാഹനം കൊണ്ടുപോവാൻ കഴിഞ്ഞില്ല എന്നും നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയെ അറിയിച്ചത്. തുടർന്ന് 17.2.23 ന് മറ്റൊരു സ്ഥലത്ത് പുതിയ സൈറ്റ് പെഗ് മാർക്ക് ചെയ്തു നൽകുകയും 13.3.23 ന് ബോർവെൽ കുഴിച്ച് പാർട്ട് ബിൽ നൽകുകയും ചെയ്തു. മറ്റ് പ്രവർത്തികളൊന്നും

ചെയ്തിട്ടില്ല.

പി.ഡബ്ല്യു.ഡി മാനുവൽ 2102.1 പ്രകാരം കരാർ ചമച്ച് 10 ദിവസത്തിനകം സൈറ്റ് ഹാൻഡ് ഓവർ ചെയ്യേണ്ടതാണ്. കരാർ വ്യവസ്ഥ പ്രകാരവും കരാർ വച്ച് 10 ദിവസത്തിനകം സൈറ്റ് ഹാൻഡ് ഓവർ ചെയ്യേണ്ടതും തുടർന്ന് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. എന്നാൽ കരാർ വച്ച് ഒരു വർഷത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും തുടർനടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 17/19.7.23 ന് മറുപടിയായി ആദ്യം പെഗ് മാർക്ക് ചെയ്ത സൈറ്റിലേക്കുള്ള വഴി കൃഷിഭൂമിയിലൂടെയായിരുന്നു എന്നും അതിനാലാണ് പ്രവൃത്തി അരംഭിക്കാൻ കഴിയാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. യീൽഡ് ടെസ്റ്റ് നടത്തി തുടർപ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. കരാർ വെച്ച ശേഷം പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാതിരുന്നാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 10.07.2023 മുതൽ 20.07.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | 2022-23 ൽ ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | അങ്കണവാടി പോഷകാഹാരം (30/23) | 100000 |

| | | | |
|---|---|---|---|
| | 125000 | സ്കോളർഷിപ്പ് | 125000 |
| | 743600 | ലൈഫ് ഭവനം(SC)-154/23 | 743600 |
| | 200000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് -94/23 | 200000 |
| | 80000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് (SC) 190/23 | 80000 |
| | 500000 | MCF | 500000 |
| ആകെ | | | 1748600 |
| ജില്ലാ പഞ്ചായത്ത് | 150000 | സ്കോളർഷിപ്പ് | 150000 |
| | 150000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് (94/23) | 150000 |
| | 1884710 | സ്ഥിരമെൽകൃഷി സഹായം (91/23) | 1884710 |
| ആകെ ജില്ല | | | 2184710 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി (ഇലക്ട്രിക്കൽ സെക്ഷൻ, പാട്ടൂർ) | 4, ഇലക്ട്രിക് ലൈൻ സ്ട്രീറ്റ്മെയിൻ നീട്ടലും പോസ്റ്റ് ഷിഫ്റ്റിങ്ങും | XVFC/2022-23 /P/26/ 07.11.22 XVFC/2022-23 /P/38/ 16.02.23 XVFC/2022-23 /P/61/ 17.03.23 - | 164255 (ധനകാര്യ കമ്മീഷൻ അവാർഡ്) 56513 (ധനകാര്യ കമ്മീഷൻ അവാർഡ്) 2364032 (ധനകാര്യ കമ്മീഷൻ അവാർഡ്) | 0 | 2584800 |
| കെ.എസ്.ഇ.ബി ( ഇലക്ട്രിക്കൽ സെക്ഷൻ, പാട്ടൂർ) | 18, കുമ്പാരത്തറ കുടിവെള്ള പദ്ധതിക്ക് ഇലക്ട്രിക് കണക്ഷൻ ത്രീ ഫേസ് ആക്കൽ | XVFC/22-23 /P/24/05.11.22 | 68896 (ധനകാര്യ കമ്മീഷൻ അവാർഡ്) | 0 | 68896 |
| കെ.എസ്.ഇ.ബി ( ഇലക്ട്രിക്കൽ സെക്ഷൻ, പാട്ടൂർ) | കോക്രാട്- ആനമാറി റോഡ് പ്രവൃത്തിയിലെ തടസ്സം 3 ആലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചത് | 22200345/23.08.22 | 29458 (തനതുഫണ്ട്) | 29458 | 0 യു. സി ലഭ്യമായിട്ടുണ്ട് |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ലഭ്യമായ വായ്പയുടെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | ആകെ | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | വായ്പ്പ തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ. (സാധാ) നം 68/2018 ത.സ്വ.ഭ.വ/18.05.18 | 28953008 | 22930185 | 3394002 | | 19536183 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 960/-രൂപ പിരിച്ചെടുത്തിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2006-07 | 3(5) | 500 | 1220101592/13.7.2022 | Sareena Ex.President |
| 1996-97 | 2(25)-(വിനോദ നികുതി) | 460 | 1220101589/13.7.2022 | K.SanthanaGopalan |
| | ആകെ | 960 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 & 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | സിറ്റിങ് കഴിഞ്ഞിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 15896847 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 43405178 |
| ആകെ | | 59302025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40322294 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | --450000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | NIL | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 450000 | ഡോ.അശ്വതി വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| | പേര് | മേൽവിലാസം |
|---|---|---|
| 1 | ഡോ.അശ്വതി വെറ്ററിനറി സർജൻ കാവശ്ശേരി | ദാറുസലാം 261/17, വേട്ടക്കരുമൻ അമ്പലം, പേഴുംകര, പുതിയങ്കം, ആലത്തൂർ 678545 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | എൽ.എഫ്. പി10/509 /2002/05.10.2002 | 2 (ഖണ്ഡിക 35 & 36) |
| 2000-01 | എൽ എഫ് പി 10/554 /2004/21.04.2006 രണ്ട് റിപ്പോർട്ടുകൾ (പ്ലാൻ & പ്ലാൻ ഒഴികെ) | 4 |
| 2003-04 | കെ. എസ്.എ പി കെ ഡി 10/677/16/25.05.2017 | 2 (ഖണ്ഡിക 3-2, ഖണ്ഡിക 3-6) |
| 2004-05 | കെ. എസ്.എ പി കെ ഡി 10/678/16/26.05.2017 | 1 (ഖണ്ഡിക 3-7) |
| 2005-06 | കെ. എസ്.എ പി കെ ഡി 10/780/16/26.05.2017 | 1 (ഖണ്ഡിക 3-4) |
| 2006-07 | എൽ എഫ്. പി 10/1170 /10/14.07.2011 | 1 (ഖണ്ഡിക 3-2) |
| 2008-09 | എൽ എഫ് പി 10 1172/10 /02.08.2011 | 2 (ഖണ്ഡിക3-1, ഖണ്ഡിക3-4) |
| 2009-10, 2010-11 | കെ. എസ്.എ പി കെ ഡി 10/963/16/26.05.17 | 5 ( ഖണ്ഡികകൾ 3-2, 3-5, 3-8, 3-9, 3-10, 3-16) |
| 2011-12 | എൽ എഫ് പി 10/1696 /14/08.02.14 | 1 (ഖണ്ഡിക 3-5) |
| 2012-13 | കെ. എസ്.എ പി കെ ഡി 10/682/2017/25.05.17 | 6 (ഖണ്ഡികകൾ 3-1, 3-2, 3-3, 3-9, 3-11, 3-12) |
| 2013-14, 2014-15 | കെ. എസ്.എ പി കെ ഡി 10/249/16/02.03.2016 | 4 (ഖണ്ഡികകൾ: 3-1, 3-2, 3-3, 3-7) |
| 2015-16 | കെ.എസ്. എ/ പികെഡി10/141 /17/25.01.17 | 4 (ഖണ്ഡികകൾ : 3-2, 3-8, 3-9, 3-11) |
| 2016-17 | കെ.എസ്. എ പി.കെ.ഡി 10/1184/2017/28.07.2017 | 4 (ഖണ്ഡികകൾ : 2-3, 3-1(A), 3-2, 3-16) |
| 2017-18 | കെ.എസ്.എ. പി.കെ.ഡി 10/2448/2018/12.02.2019 | 2 ( ഖണ്ഡികകൾ : 3-4, 3-11) |
| 2018-19 | കെ.എസ്. എ പി.കെ.ഡി 10/1346/2019/19.11.2019 | 26 |
| 2019-20 | കെ.എസ്.എ. പി.കെ.ഡി 10/579/2021/13.04.21 | മുഴവൻ ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു |
| 2020-21 | കെ.എസ്.എ.-പി.കെ.ഡി 10/1147/21/05/10/2021 | മുഴവൻ ഖണ്ഡികകളും തീർപ്പാക്കാൻ |

| | | |
|---|---|---|
| | | അവശേഷിക്കുന്നു |
| 2021-22 | കെ.എസ്.എ. -പി.കെ.ഡി 10/600/23/19.4.23 | മുഴുവൻ ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നു |

1996-97, 97-98,19,99-2000, 2001-02,2002-03, 2007-08 എന്നീ റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kavassery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kavassery Grama Panchayat for the year 2022-2023

Date: 13/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Kavassery Grama Panchayat for the Year 2022-2023 .

**1.Major Observations**

-

**2.Other Observations**

1.Cash flow statement- net increase in cash flow does not match with the diference between the opening balance and closing balance of cash & cash equivalents.

2 The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

Notes to accounts

3. water charge arrear Demand Register does not match with AFS

4.The demand registers are not periodically reconciled with accounts

5.Lapses in making timely and accurate demand entries in respect of tax & non tax revenues

6.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## വരവ് ചെലവ് പത്രികകൾ

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15844245.00 |
| Cash | Cash | RP-40(a) | 52602.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 968230.00 |
| 140000000 | Fees & User Charges | RP-4 | 731441.00 |
| 150000000 | Sale & Hire Charges | RP-5 | 317777.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14518000.00 |
| 171000000 | Interest Earned | RP-9 | 138.00 |
| 190000000 | Prior Period Income | RP-11 | 6793.00 |
| 311000000 | Earmarked Funds | RP-28 | 37424.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16225278.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10113927.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 960.00 |
| 340000000 | Deposits Received | RP-33 | 134125.00 |
| 350000000 | Other Liabilities | RP-35 | 351085.00 |
| | Grand total | | 59302025.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 8470.00 |
| 311000000 | Earmarked Funds | RP-28 | 25.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 825481.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4380201.00 |
| 460000000 | Loans, Advances and Deposits | RP-49 | 204458.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 127918.00 |
| 350000000 | Other Liabilities | RP-35 | 34775741.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18979731.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |

| INCOME & EXPENDITURE STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4394844.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 1717933.00 |
| 150000000 | Sale & Hire Charges | I-5 | 317777.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 151755478.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 138.00 |
| 180000000 | Other Income | I-9 | 960.00 |
| 190000000 | Prior Period Income | I-19 | 320583.00 |
| | Total Income | | 158187130.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12621151.00 |
| 220000000 | Administrative Expenses | I-11 | 979344.00 |
| 230000000 | Operations & Maintenance | I-12 | 2816686.00 |
| 240000000 | Interest & Finance Charges | I-13 | 674.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12888032.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 40373472.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12809397.00 |
| 253000000 | Decentralised Plan Programme-Projects not included in Sector | I-14(C) | 23232340.00 |

| | | | |
|---|---|---|---|
| | Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 52009200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1186218.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

Balance sheet as on 31.03.2023

| | | |
|---|---|---|
| LIABILITIES | | |
| Reserve & Surplus | | |
| Panchayat / Municipal Fund | B-1 | 26019120.00 |
| Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 42176.00 |
| Reserves | B-3 | 85092663.00 |
| Total Reserve & Surplus | | 111153959.00 |
| Grants, Contributions for Specific Purposes | | |
| Grants, Funds & Contribution for Specific Purposes | B-4 | 6157119.00 |
| Total Grants, Contributions for Specific Purposes | | 6157119.00 |
| Loans | | |
| Secured Loans | B-5 | 19536183.00 |
| Unsecured Loans | B-6 | 0.0 |
| Total Loans | | 19536183.00 |
| Current Liabilities & Provisions | | |
| Deposits Received | B-7 | 1086617.00 |
| Deposits Works | B-8 | 0.0 |
| Other Liabilities | B-9 | 1443722.00 |
| Provisions | B-10 | 0.0 |
| Total Current Liabilities and Provisions | | 2530339.00 |
| TOTAL LIABILITIES | | 139377600.00 |

| | | |
|---|---|---|
| ASSETS | | |
| Fixed Assets | | |
| Fixed Assets | B-11 | 997430.00 |
| Capital Work in Progress | B-11(b) | 0.0 |
| Annual Plan - Capital Expences (Productive Sector) | B11-(c) | 5458345.00 |
| Annual Plan - Capital Expences (Service Sector) | B11-(d) | 29742030.00 |
| Annual Plan - Capital Expences (Infrastructure Sector) | B11-(e) | 99521606.00 - |
| Accumulated Depreciation | B-11(a) | 51244655.00 |
| Total Fixed Assets | | 84474756.00 |
| Investments | | |
| Investments-General Fund | B-12 | 0.0 |
| Investments - Other Funds / Sundry Debtors | B-13 | 0.0 |
| Total Investments | | 0.0 |
| Current Assets, Loans and Advances | | |
| Stock-in-hand | B-14 | 0.0 |
| Sundry Debtors (Receivables) | B-15 | 7794280.00 |
| Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| Pre-paid Expenses | B-16 | 19536183.00 |
| Cash and Bank Balance | B-17 | 18979731.00 |
| Loans, Advances and Deposits | B-18 | 8592650.00 |
| Accumulated Provisions against Loans,Advances and | B-18(a) | 0.0 |
| Deposits | | |
| Total Current Assets, Loans and Advances | | 54902844.00 |
| Other Assets Other | | |
| Assets | B-19 | 0.0 |
| Total Other Assets | | 0.0 |
| Miscellaneous Expenditure (To the Extent not written off) | | |
| Miscellaneous Expenditure to be written off | B-20 | 0.0 |
| Total Miscellaneous Expenditure (To the Extent not written off) | 0.0 | |
| TOTALASSETS | | 139377600.0 0 |

ഡെപ്യൂട്ടി ഡയറക്ടർ